<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1474</u> <u>19-06-2024 - ൽ മറുപടിയ്ക്ക്</u>

<u>ഹൈസ്കൂൾ, ഹയർ സെക്കണ്ടറി അധ്യാപകർക്കുള്ള ഓണറേറിയം കുടിശ്ശിക</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2022-23, 2023-24 എന്നീ വിദ്യാഭ്യാസ വർഷങ്ങളിൽ ഉത്തര കടലാസുകൾ മൂല്യനിർണയം നടത്തിയതിനുള്ള വേതനം എല്ലാ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി അധ്യാപകർക്കും പൂർണമായും നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം അറിയിക്കാമോ; | (എ) | **എസ്.എസ്.എൽ.സി**<br><br>(എ) 2022-23 വിദ്യാഭ്യാസ വർഷത്തിലെ എസ്.എസ്.എൽ.സി ഉത്തരകടലാസുകൾ മൂല്യ നിർണ്ണയം നടത്തിയതിനുള്ള വേതനം എല്ലാ അദ്ധ്യാപകർക്കും നൽകിയിട്ടുണ്ട്. 2023-24 വർഷത്തെ എസ്.എസ്.എൽ.സി ഉത്തര കടലാസ് മൂല്യ നിർണ്ണയം നടത്തിയതിനുള്ള വേതനം നൽകിയിട്ടില്ല. 13-06-2024-ൽ സർക്കാരിൽ നിന്നും തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് ക്ലിയറൻസ് ലഭിക്കുന്നതിനായി സർക്കാരിലെ Ways and Means സെക്ഷനിലേക്ക് ബില്ല് സമർപ്പിച്ചിട്ടുണ്ട്. ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് ബില്ല് മാറി തുക NEFT ചെയ്ത് നൽകുന്നതാണ്.<br><br>**ഹയർസെക്കണ്ടറി**<br><br>(എ) 2022-2023 വിദ്യാഭ്യാസ വർഷം ഉത്തരക്കടലാസ് മൂല്യ നിർണയം നടത്തിയ അധ്യാപകർക്ക് വേതനം പൂർണ്ണമായും നൽകിയിട്ടുണ്ട്. 2023-2024 വിദ്യാഭ്യാസ വർഷം ഉത്തരക്കടലാസ് മൂല്യ നിർണയം നടത്തിയ ഹയർ സെക്കന്ററി അദ്ധ്യാപകരിൽ ഇനി 814 അദ്ധ്യാപകർക്കു കൂടി പ്രതിഫലം നൽകാനുണ്ട്.<br><br>BAMS (Budget Allocation Monitoring System) -ൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാൽ പ്രസ്തുത കാലഘട്ടത്തെ തുക പൂർണമായും ലഭ്യമായിട്ടില്ല. |
| (ബി) | 2022-23, 2023-24 എന്നീ വിദ്യാഭ്യാസ വർഷങ്ങളിൽ വെക്കേഷൻ ട്രെയിനിങ്ങിൽ പങ്കെടുത്ത അധ്യാപകർക്ക് ഇതിനുള്ള ഓണറേറിയം പൂർണമായും നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ? | (ബി) | (ബി) നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ